**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ.സൽമാൻ സി.ക്ക് ഓവർസിയർ ഗ്രേഡ് III ആയി ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി നീട്ടിക്കൊടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.2921/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 14.11.2018

---

പരാമർശം:- 1 28.06.2000 ലെ 5966/Adv.C3/2000/P&ARD നമ്പർ സർക്കുലർ

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.08.2018 ലെ ഇ 3-6400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.09.2018 ലെ ഇ 6-6400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

4 ശ്രീ. സൽമാൻ സി. യുടെ 04.09.2018 ലെ അപേക്ഷ

5 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.09.2018 ലെ ഇ 6-6400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസിയർ ഗ്രേഡ് III ആയി തിരഞ്ഞെടുക്കപ്പെടുകയും, തുടർന്ന് പരാമർശം 2 പ്രകാരം തൃക്കലങ്കോട് ഗ്രാമപഞ്ചായത്തിൽ നിയമിക്കപ്പെടുകയും ചെയ്ത ശ്രീ.സൽമാൻ സി., ഇപ്പോൾ കൊച്ചി മെട്രോ ലിമിറ്റഡിൽ Civil Maintainer ആയി ജോലി നോക്കി വരികയാണെന്നും, മൂന്ന് വർഷത്തെ ബോണ്ട് കാലയളവ് നിലവിലുള്ളതിനാൽ, ടി സ്ഥാപനത്തിൽ നിന്നും വിടുതൽ നേടി സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് 09.12.2018 വരെ സമയം നീട്ടി നൽകണമെന്നും പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ അപേക്ഷകന് 22.09.2018 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്ന് 09.12.2018 വരെ നീട്ടുന്നതിന് പരാമർശം 5 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.സൽമാൻ സി.ക്ക് കൊച്ചി മെട്രോ ലിമിറ്റഡിൽ നിലവിലുള്ള ബോണ്ട് കാലയളവ് കണക്കിലെടുത്ത്, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം 1 പ്രകാരം

നിലവിലുള്ള വ്യവസ്ഥകൾക്ക ഇളവുനൽകികൊണ്ട് ശ്രീ.സൽമാൻ സി.യുടേത് പ്രത്യേക കേസായി പരിഗണിച്ച് ടിയാന് സർവീസിൽ പ്രവേശിക്കുന്നതിന് 09.12.2018 വരെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. ടിയാൻ 10.12.2018 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടിയാന്റെ സീനിയോറിറ്റി KS&SSR ഭാഗം II ചട്ടം 27(C) ക്ക് താഴെയുള്ള പ്രോവിസോ 1 പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത് വി.പി.**
അണ്ടർ സെക്രട്ടറി

1 ശ്രീ.സൽമാൻ സി., ചിറക്കൽ ഹൗസ്, പയ്യനാട് പോസ്റ്റ്, മഞ്ചേരി(വഴി), മലപ്പുറം - 676 122 (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.